ഉപസംഹാരം

പതിനാലാംപഞ്ചവൽസരപദ്ധതിയുടെ (2022–27) അവസാന വർഷത്തിൽ ചുമതലയേറ്റ ഒരു ഭരണ സമിതിയുടെ ആദ്യ വാർഷിക പദ്ധതിയാണ് അംഗീകാരത്തിന് സമർപ്പിക്കുന്നത്. ജനാധിപത്യ ഭരണ സംവിധാനത്തിൽ വിശേഷിച്ച് പ്രാദേശിക സർക്കാരുകൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പൂർത്തീകരണം എന്ന ലക്ഷ്യവുമായി ചുമതലകൾ നിർവ്വഹിച്ചു പോരുകയാണ്. അതുകൊണ്ട് തന്നെ സർക്കാരുകൾ ഒരു തുടർച്ചയാണ്. കഴിഞ്ഞകാല അനുഭവങ്ങളെ അടിസ്ഥാനമാക്കി ഭാവി വെല്ലുവിളികളെ അതിജീവിക്കാൻ സാധ്യമാകുന്ന കാഴ്ചപ്പാടുകൾ ആണ് 2026–27 വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് .

വർക്കിംഗ് ഗ്രൂപ്പ് പൊതു യോഗം , ഗ്രാമസഭ, വികസന സെമിനാർ തുടങ്ങി വിവിധ തലങ്ങളിൽ നടന്ന പദ്ധതി രൂപീകരണ യോഗങ്ങൾ സജീവമായ പങ്കാളിത്തം കൊണ്ടും മികച്ച നിർദ്ദേശങ്ങൾ കൊണ്ടും സമ്പന്നമായിരുന്നു. ആസൂത്രണസമിതി അംഗങ്ങളുടേയും ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാരുടേയും ബ്ലോക്ക് ഭരണസമിതി അംഗങ്ങളുടേയും നേതൃപരമായ പങ്കാളിത്തം വാർഷിക പദ്ധതി രൂപീകരണത്തിൽ ഉണ്ടായിട്ടുണ്ട്. എല്ലാ മേഖലകളേയും പരിഗണിച്ച് കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ഏറെ കുറേ സാധിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിൽ എന്നപോലെ നിർവ്വഹണ ഘട്ടത്തിലും എല്ലാവരുടേയും പരിപൂർണ്ണമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പയ്യന്നൂർ
28/02/2026

സെക്രട്ടറി
പയ്യന്നൂർബ്ലോക്ക്പഞ്ചായത്ത്